**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5561** **15-03-2023 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതി വഴി സംസ്ഥാനത്തിന് ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എത്ര തുകയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് പദ്ധതി, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | (എ) | **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം പദ്ധതികൾ ഒന്നും ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ 129.94 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1-ആയി ചേർക്കുന്നു.** |
| (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന മറ്റ് കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ? | (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ന്യൂനപക്ഷ ഡയറക്ടറേറ്റ് മുഖേന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നീ പദ്ധതികളും കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന് കീഴിൽ പെൻഷൻ, മരണാനന്തര ധനസഹായം , വിവാഹ ധനസഹായം , ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ പദ്ധതികളും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികളും കേരള സംസ്ഥാനന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന വിവിധ വായ്പാ പദ്ധതികളും നടപ്പിലാക്കിവരുന്നു. മേൽ വിവരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| SL: NO | Name of the Project | District | Approved cost (Amount in Lakh) |
|---|---|---|---|
| | | | |
| 1 | Sadbhavna Mandap-Nedumkandam | Idukki | 140 |
| 2 | Women's Ward in Community Health Centre-Nedumkandam | Idukki | 95.48 |
| | **Total-A (IDUKKI)** | | **235.48** |
| 3 | Commen Service Center-Kalamassery Municipality | Eranakulam | 134.9 |
| 4 | Smart class room in Govt. Higher Secondary School ,Edathala | Eranakulam | 2.97 |
| 5 | Smart class room in Govt. Higher Secondary School ,Nochima | Eranakulam | 2.97 |
| 6 | Smart class room in Govt. Higher Secondary School ,Thevakal, Thrikkakara | Eranakulam | 2.97 |
| | **Total-B (Eranakulam)** | | **143.81** |
| 7 | Construction of a building for Skill Development Centre at Nilambur Minority Concentration Block, Chaliyar Grama Panchayath | Malappuram | 792.42 |
| 8 | Construction of Girls' Hostel Building at Nilambur Minority Concentration Block, Chaliyar Grama Panchayath | Malappuram | 997 |
| 9 | Construction of class room building(1ACR) for Govt. Upper Primary School, Chamravattom-Tripangode | Malappuram | 13.25 |
| 10 | Construction of class room building(4ACR) for Govt.Rajah'sHigher Secondary School, Kottakal | Malappuram | 53 |
| 11 | Advanced Medical Complex for Taluk Hospital (New Block), Malappuram | Malappuram | 972.6 |
| 12 | Construction of building for CHC Alingal-Tripangode | Malappuram | 73 |
| 13 | Construction of Building for Additional Health Amenities in Thanalur PHC-Thanalur | Malappuram | 50.83 |
| 14 | Integrative Centre for Ayurveda, Yoga and Naturopathy at Malapurram | Malappuram | 700 |
| | **Total-C (Malappuram)** | | **3652.1** |
| 15 | Construction of Seminar Hall and STEM Lab for Govt. Vocational Higher Secondary School | Kozhikkode | 82.09 |
| 16 | Upgradation of Family Health Centre | Kozhikkode | 190 |
| 17 | Upgradation of Family Health Centre, Panikotty | Kozhikkode | 160 |

| | | | |
|---|---|---|---|
| 18 | Establishment of Dialysis Machine for District Hospital Vatakara | Kozhikkode | 211.78 |
| 19 | Construction of Government District Hospital Vatakara, Phase II | Kozhikkode | 8318.23 |
| | **Total-D (Kozhikkode)** | | **8962.1** |
| | **Grand Total (A+B+C+D)** | | **12993.5** |

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

## 1.ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്

വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നി വിഭാഗങ്ങളായിട്ടാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

### I. സ്കോളർഷിപ്പ് പദ്ധതികൾ

1.ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ളസി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് സ്കീം

2. യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് സ്കീം.

3. എൻ.റ്റി.എസ്. കോച്ചിംഗ് സ്കീം.

4. പിജി ഡിപ്ലോമ ഇൻ ജിഎസ്.ടി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് .

6.സിവിൽ സർവ്വീസ് ഫീറീഇംബേഴ്മെന്റ് സ്കീം.

7.വിദേശ ഉപരിപഠനത്തിന് വിദ്യാർത്ഥികൾ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ സ്കോളർഷിപ്പായി അനുവദിക്കുന്ന പദ്ധതി.

8.ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് സ്കീം (സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)

9.മദർ തരേസ സ്കോളർഷിപ്പ് സ്കീം (നഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി)

10). സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് സ്കീം(Non Plan)

11).ഉർദു സ്കോളർഷിപ്പ് അവാർഡ് സ്കീം(Non Plan)

### II.തൊഴിൽ നൈപുണി വികസന പദ്ധതികൾ,

1. അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം
2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് (പത്താംതരവും, പ്ലസ്ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി.
3. വിവാഹിതരും, വിവാഹ ജിവിതത്തിലേക്ക് പ്രവേശിക്കാൻതയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത് വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

## III. അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ

1.നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി.
2.ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി.

## IV. കേന്ദ്രാവിഷ്കൃത പദ്ധതി

ന്യൂനപക്ഷ കേന്ദ്രികൃത പ്രദേശങ്ങളിൽ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്രാവിഷ് കൃത അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രമം എന്ന പദ്ധതിയും 60:40 അനുപാതതിലുള്ള കേന്ദ്രസഹായത്തോടെ സംസ്ഥാനത്തു നടപ്പിലാക്കിവരുന്നു.

## പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും

## I. സ്കോളർഷിപ്പ് പദ്ധതികൾ

### 1). ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ സി.എം.എ/സി.എസ് സ്കോളർഷിപ്പ്

1) സി.എ, സി.എം.എ, സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.

2) ഇന്റർ മീഡിയേറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000/ രൂപയാണ് സ്കോളർഷിപ്പ്.

3) +2 പൊതു പരീക്ഷയിൽ 60%മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കുള്ള തുടർപഠന സഹായത്തിനുള്ള സ്കോളർഷിപ്പാണിത്.

4) ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ അഭാവത്തിൽ മാത്രം 8 ലക്ഷം രൂപ വരുമാന പരിധിയിൽപ്പെടുന്നവരെയും പരിഗണിക്കും.

### 2). യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ്

- യു.ജി.സി/സി.എസ്.ഐ.ആർ-ജെ.ആർ.എഫ് പരീക്ഷയിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കോച്ചിംഗ് നൽകാനും അതുവഴി ഇന്ത്യൻ സർവ്വകലാശാലകളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ/ജൂനിയർ റിസർച്ച് ഫെലോ ആയി കരിയർ തേടാൻ അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ സ്കീം കൊണ്ട് ഉദ്ദേശിക്കുന്നത്.

- ഒരു പദ്ധതി വർഷത്തിൽ കുറഞ്ഞത് 1000 വിദ്യാർത്ഥികൾക്ക് ഈ കോച്ചിംഗ് പ്രോഗ്രാമിൽ നിന്ന് പ്രയോജനം ലഭിക്കും.

- ഉന്നതവിദ്യാഭ്യാസത്തിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യതയും യോഗ്യതയും ഈ പദ്ധതി വർധിപ്പിക്കുന്നു.

**<u>3). എൻ.റ്റി.എസ്.ഇ കോച്ചിംഗ്</u>**

- ദേശീയതലത്തിൽ നൽകി വരുന്ന സ്കോളർഷിപ്പുകളിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതി.

- രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പരീക്ഷയിൽ ഒന്നാം ഘട്ടം സംസ്ഥാന/യൂണിയൻ ടെറിട്ടറീസ്-ഉം രണ്ടാം ഘട്ടം എൻ.സി.ആർ.റ്റി.മുഖേനയും നടക്കുന്നു.

- ഒന്നാം ഘട്ടം പരീക്ഷ പാസാകുന്ന വിദ്യാത്ഥികൾക്ക് മാത്രമാണ് രണ്ടാം ഘട്ട പരീക്ഷയ്ക്ക് യോഗ്യത ലഭിക്കുന്നത്.

- പ്രസ്തുത പരീക്ഷയിൽ യോഗ്യത നേടുന്നതോടൊപ്പം ദേശീയതലത്തിൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കുവാനും സ്കോളർഷിപ്പ് കരസ്ഥമാക്കുവാനും കഴിയും.

- ആരംഭ ഘട്ടത്തിൽ 1000 വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കും.

- ടി പദ്ധതി ആനുകൂല്യം 30%പെൺകുട്ടികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്.

**<u>4). പിജി ഡിപ്ലോമ ഇൻ ജിഎസ്.ടി-ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>**

5) ടാക്സ് പ്രാക്ടീഷണർമാർ, അക്കൗണ്ടന്റുമാർ, ലീഗൽ കൺസൾട്ടന്റുമാർ തുടങ്ങിയ സമർത്ഥരും വിദഗ്ധരുമായ ജി.എസ്.ടി പ്രൊഫഷണലുകൾക്കായി വ്യാപാര-വ്യവസായ മേഖലകളിൽ വർദ്ധിച്ചു വരുന്ന ആവശ്യം നിറവേറ്റുന്നതിനാണ് ജിഎസ്.ടി-യിലെ പിജി ഡിപ്ലോമ രൂപ കൽപ്പന ചെയ്തിരിക്കുന്നത്.

6) GST നിയമങ്ങൾ, നടപടിക്രമങ്ങൾ, അക്കൗണ്ടുകൾ എന്നിവയുടെ എല്ലാ വശങ്ങളിലും പരിശീലന സെഷനുകളിലൂടെ പ്രായോഗിക വൈദഗ്ധ്യം നൽകുന്നതിൽ PGD-GST ശ്രദ്ധ

കേന്ദ്രീകരിക്കും. വ്യാപാരത്തിലും വ്യവസായത്തിലും ഉയർന്ന ഡിമാൻഡുള്ള ജി.എസ്.ടി-യിൽ പ്രൊഫഷണൽ വൈദഗ്ധ്യം നേടാൻ ഈ കോഴ്സ് പങ്കാളികളെ പ്രാപ്തരാക്കുന്നു.

7) PGD-GST കോഴ്സ് ഒരു വർഷത്തെ ദൈർഘ്യമുള്ളതാണ്, ജിഎസ്.ടി-യുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന പരിശീലന പരിപാടിയാണിത്.

8) ഈ കോഴ് സിൽ അഞ്ച് പേപ്പറുകൾ ഉൾപ്പെടുന്നു, പഠന മാധ്യമവും പരീക്ഷയും ഇംഗ്ലീഷിൽ ആയിരിക്കും. 30% സ് കോളർഷിപ്പ് പെൺകുട്ടികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ബിപിഎൽ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകും. അവരുടെ അഭാവത്തിൽ മറ്റ് വരുമാന ഗ്രൂപ്പുകളെ (8 ലക്ഷം വരെ) മാത്രമേ പരിഗണിക്കൂ.

## 5). പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

- 10, +2, VHSE,THSLC തുടങ്ങിയ പൊതു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്, ബിരുദം (80% മാർക്ക്) ബിരുദാനന്തര ബിരുദം (75% മാർക്ക്) മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കുള്ള തുടർപഠന സഹായത്തിനുള്ള സ്കോളർഷിപ്പാണിത്.

- സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് മുൻഗണന നൽകി കൊണ്ട് 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ന്യൂനപക്ഷ കുടുംബങ്ങളിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നു.

- 10, +2, വി.എച്ച്.എസ്.

- , THSLC വിദ്യാർത്ഥികൾക്ക് 10,000/- (പതിനായിരം രൂപാ മാത്രം) രൂപയും, ബിരുദം, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000/-(പതിനയ്യായിരം രൂപാ മാത്രം) രൂപയും എന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. സാമ്പത്തിക പരാധീനത മൂലം തുടർ പഠനം മുന്നോട്ട് കൊണ്ടു പോകുവാൻ കഴിയാത്ത കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുക എന്നതാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

## 6). സിവിൽ സർവ്വീസ് ഫീറീഇംബേഴ്സ്മെന്റ്

- സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷമതവിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ഹോസ്റ്റൽ ഫീ ഇനത്തിൽ റീഇംബേഴ്സ് നൽകുന്ന പദ്ധതിയാണിത്.

- കേരള സിവിൽ സർവ്വീസ് അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് സ്റ്റഡീസ്-പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് അപേക്ഷിക്കാം.

- ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകുന്ന പദ്ധതിയിൽ 8 ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

- ഒരു വിദ്യാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/ രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/ രൂപയുമാണ് പരമാവധി സ്കോളർഷിപ്പ് തുക.

**<u>7). വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി</u>**

- 2022- 23 വർഷം സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദം ബിരുദാനന്തര-പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ന്യൂനപക്ഷ ക്ഷേമവകുപ്പ് നടത്തുന്ന പദ്ധതിയാണ് ഇത്.

- അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി പരമാവധി 45 വയസ്സ് വരെയാണ്.

- ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ വാർഷിക വരുമാനം 8 ലക്ഷം വരുമാന പരിധിയുള്ളവർക്കും അപേക്ഷിക്കാം.

- പരമാവധി സ് കോളർഷിപ്പ് തുകയായി 5 ലക്ഷം രൂപയോ അല്ലെങ്കിൽ വിദ്യാർത്ഥി തന്റെ വിദ്യാഭ്യാസ വായ്പയ് ക്കായി അടച്ച യഥാർത്ഥ പലിശ തുകയോ എതാണോ കുറവ് അതായിരിക്കും, സ്കോളർഷിപ്പ് തുക.
- വിദ്യാർത്ഥികൾ തങ്ങളുടെ കോഴ് സ് കാലയളവിൽ തന്റെ വിദ്യാഭ്യാസ വായ്പയ്ക്ക് നൽകിയ യഥാർത്ഥ പലിശയുടെ തിരിച്ചടവായി സ്കോളർഷിപ്പ് തുക അനുവദിക്കും വായ്പ നൽകുന്ന ബാങ്ക്/ധനകാര്യ സ്ഥാപനം സാക്ഷ്യപ്പെടുത്തുകയും അനുബന്ധ രേഖകൾ സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

**8). ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്: (സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുളള സ്കോളർഷിപ്പ്)**

- സർക്കാർ/ എയ്ഡഡ് പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പാണിത്.

- പ്രതിവർഷം 6000/ രൂപയാണ് സ്കോളർഷിപ്പ് തുക.

- ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകുന്ന പദ്ധതിയിൽ 8 ലക്ഷം രൂപയിൽ താഴെ വരുമാന പരിധിയുള്ളവർക്ക് പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

- 30 % തുക പെൺകുട്ടികൾക്കും സംവരണം ചെയ്തിരിക്കുന്നു.

**9).മദർതേരസ സ്കോളർഷിപ്പ്: (നഴ്സിംങ് ഡിപ്ലോമ / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി)**

- പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

- അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 45% - ൽ കുറയാത്ത മാർക്ക് നേടിയവരും വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളയവരും ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകും

- 50%തുക പെൺകുട്ടികൾക്കും സംവരണം ചെയ്തിരിക്കുന്നു

- 15,000/- രൂപയാണ് സ്കോളർഷിപ്പ് തുക.

**10). സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്** (Non Plan)

- ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് ടി സ്കോളർഷിപ്പ് ലഭിക്കുന്നത്.

- ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനി കൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനി കൾക്ക് 6000/ രൂപ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും, ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ 13000/ രൂപ വീതവും ,പ്രതിവർഷം നൽകുന്നു. (ഇവയിൽ ഏതെങ്കിലും ഒന്ന്)

**11. ഉർദു സ്കോളർഷിപ്പ് അവാർഡ്** (Non Plan)

- ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ

വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കൻററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്.

- ഒരു വിദ്യാർത്ഥിക്ക് 1000/ രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

## II. തൊഴിൽ നൈപുണി വികസന പദ്ധതികൾ,

### 1). അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

- സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അടവാക്കിയ ഫീസ് തിരിച്ച് നൽകുന്ന പദ്ധതി.

- രണ്ട് വർഷം/ ഒരു വർഷം കാലദൈർഘ്യമുള്ള കോഴ്സുകൾക്ക് യഥാക്രമം 20,000/ രൂപ, 10,000/ രൂപ, എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്.

- ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള മറ്റ് വിദ്യാർത്ഥികൾക്കും ടി ആനുകൂല്യം ലഭിക്കും.

- 10% തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

### 2). ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾ (പത്താംതരവും, പ്ലസ് ടുവും) ക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി

- വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനുമായി ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തുന്നു.

- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു/വി.എച്ച്.എസ്.

- . തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യ ഗുണഭോക്താക്കൾ.

- മുഴുവൻ പ്രോഗ്രാമുകളും 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു (ട്യൂണിംഗ്, ഫ്ലവറിംഗ് &എക്സ്പ്ലോറിംഗ്, അതിൽ ട്യൂണിംഗിനായി 180 ഏകദിന ക്യാമ്പുകൾ, ഫ്ലവറിംഗിനായി 14 റെസിഡൻഷ്യൽ ക്യാമ്പുകൾ ഉൾപ്പെടുന്നു.

- ബി.പി.എൽ വിഭാഗത്തിന് മുൻഗണനന നൽകി 30% സീറ്റുകൾ പെൺകുട്ടികൾക്ക് സംവരണം ചെയ്തിരിക്കുന്നു.

### 3) വിവാഹിതരും, വിവാഹ ജിവിതത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത് വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

- ന്യൂനപക്ഷ സമുദായത്തിൽ നിലവിൽ വിവാഹമോചന നിരക്ക് ആശങ്കാജനകമായി വർദ്ധിച്ചു വരുന്നുണ്ട്. ദമ്പതിമാർക്കിടയിലുള്ള സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ അസമത്വം, കുടുംബ ബന്ധങ്ങളിലെ അപചയം, ദമ്പതിമാർക്കിടയിൽ മാതാപിതാക്കളുടെ അനാരോഗ്യകരമായ ഇടപെടൽ, ജീവിതത്തിലെ പ്രതിസന്ധികൾ തരണം ചെയ്യാനുള്ള കഴിവില്ലായ്മ, ധനത്തോടുള്ള അതിയായ ആഗ്രഹം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മാതാപിതാക്കൾ, വിവാഹേതര ബന്ധങ്ങൾ തുടങ്ങിയവയാണ് വിവാഹമോചന നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള കാരണങ്ങളായി കണക്കാക്ക പ്പെടുന്നത്.

- ന്യൂനപക്ഷ സമുദായത്തിൽ പ്രത്യകിച്ച് വിവാഹ മോചന നിരക്ക് മറ്റു സമുദായങ്ങളെ അപേക്ഷിച്ച് താരതമ്യേന വലരെ കൂടുതലാണ് . ഇതിന് ഒരു പരിഹാരം കാണുന്നതിനായി വകുപ്പ് വിവാഹിതരും, വിവാഹ ജിവിതത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## III. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

### 1). നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി

- വിധവകളും വിവാഹബന്ധം വേർപ്പെടുത്തിയവരും, ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി.

- ഒരു പുനരുദ്ധാരണ വീടിന് 50,000/ രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല.

- അപേക്ഷക കുടുംബത്തിലെ ഏകവരുമാന ദായകയായിരിക്കണം.

- ബി.പി.എൽ കുടുംബങ്ങൾ,വിധവകളോ അവരുടെ മക്കളോ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ,പെൺകുട്ടി/പെൺകുട്ടികൾ മാത്രമുള്ള വിധവകൾ എന്നിവർക്ക് മുൻഗണന നൽകും.

### 2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി

- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

- കേരള വാട്ടർ അതോറിറ്റിക്കാണ് ടി പദ്ധതിയുടെ നിർവ്വഹണ ചുമതല.

- കേരള വാട്ടർ അധികാരികളുടെ മേലൊപ്പോടുകൂടിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സഹിതമാണ് പദ്ധതി നിർദ്ദേശമായി സമർപ്പിക്കേണ്ടത്.

- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഉണ്ടാകണം.

- പദ്ധതി പൂർത്തിയായാൽ ഏറ്റെടുത്ത് പരിപാലിച്ചുകൊള്ളാമെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതപത്രവും സമർപ്പിക്കണം.

## IV. കേന്ദ്രാവിഷ്കൃത പദ്ധതി

### 1). പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം- (പി.എം.ജെ.വി.കെ)

- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

- കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

- വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യവികസനം, കായികം, സ്ത്രീ കേന്ദ്രീകൃത വികസന പദ്ധതികൾ എന്നിങ്ങനെ വിവിധ മേഖല കളിലായുള്ള ആസ്തി വികസനത്തിന് ഉതകുന്ന പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്
- 60:40 - എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന വിഹിതം നിശ്ചയിച്ചിട്ടുള്ളത്.

- **നിലവിൽ, പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പദ്ധതി പ്രദേശത്ത് 15 കിലോമീറ്റർ ചുറ്റളവിൽ 25% ൽ കുറയാത്ത ന്യൂനപക്ഷ ജനസംഖ്യ ഉണ്ടായിരിക്കണം.**

### 2.മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്

**കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികൾ**

- **പെൻഷൻ:**

1. 1അഞ്ച് വർഷമെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് 60 വയസ് തികയുന്ന മുറക്ക് പെൻഷൻ നൽകും.
2. 55 വയസിന് മേൽ 60 വയസിനകം അംഗമായവർക്കോ ബോർഡ് നിലവിൽ വരുന്നതിന് മുമ്പ് 60 വയസ് കഴിഞ്ഞ് അംഗമായവർക്കോ യഥാക്രമം അവർ 5 വർഷത്തെ വിഹിതമടവ് പൂർത്തിയാക്കുന്ന മുറക്ക് പെൻഷൻ ലഭിക്കുന്നതാണ്.
3. 5 വർഷത്തിൽ കൂടുതൽ അംശാദായം അടക്കുന്നവർക്ക് 15 വർഷം വരെ അധികമായിട്ടുള്ള ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ 10%ത്തിന് തുല്യമായ തുകയും 16 വർഷം മുതൽ 30 വർഷം വരെ 12 ശതമാനത്തിന് തുല്യമായ തുകയും 31 മുതൽ 35 വർഷം വരെ 15 ശതമാന മാനത്തിന് തുല്യമായ തുകയും അധികമായി പെൻഷൻ ലഭിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക 7500 രൂപയിൽ കൂടുതൽ ലഭിക്കുകയില്ല.

- **കുടുംബ പെൻഷൻ**

പെൻഷന് അർഹത നേടിയ ഒരംഗം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസം ചുരുങ്ങിയത് 1000 രൂപയോ അംഗത്തിന് അവകാശപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻറെ 50%മോ കുടുംബ പെൻഷൻ ലഭിക്കും.

- **അവശതാ പെൻഷൻ**

ഏതെങ്കിലും അംഗം അസുഖം മൂലമോ അപകടം മൂലമോ പൂർണമായോ സ്ഥിരമായോ അവശതയിലായാൽ മെഡിക്കൽ ബോർഡിൻറെ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ മരണം വരെ പ്രതിമാസം 1000 രൂപ പെൻഷനായി നൽകും. (ക്ഷേമനിധിയിൽ കുറഞ്ഞത് 3 വർഷമെങ്കിലും അംശദായമടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിനേ അവശതാ പെൻഷന് അർഹതയുണ്ടാവുകയുള്ളൂ).

- **മരണാനന്തര ധനസഹായം**

അംഗം മരിച്ചാൽ അവകാശിക്ക് പട്ടികയിൽ കൊടുത്ത വിധത്തിൽ മരണാനന്തര ധനസഹായം നൽകും.

ഒരു വർഷം മുതൽ 5 വർഷം വരെ അംഗത്വമുള്ളവർ 10000 രൂപ

6 മുതൽ 10 വർഷം വരെ 15,000 രൂപ

11 മുതൽ 15 വർഷം വരെ 20,000 രൂപ

16 മുതൽ 20 വർഷം വരെ 30,000

20 വർഷത്തിനു മുകളിൽ 50,000

- **ശവസംസ്കാരത്തിന് ധനസഹായം**

അംഗം മരിക്കുകയാണെങ്കിൽ ശവസംസ്കാര ചെലവുകൾക്കായി അവകാശിക്ക് 5000 രൂപ ഉടൻ അനുവദിക്കും. പെൻഷനറാണ് മരിക്കുന്നതെങ്കിൽ അവകാശിക്ക് ഉടൻ 3000 രൂപ ധനസഹായം നൽകും.

- **<u>വിവാഹ ധനസഹായം</u>**

അംഗത്തിൻറെ സ്വന്തം വിവാവാഹത്തിനും രണ്ട് പെൺമക്കളുടെ വിവാഹത്തിനും 25,000 രൂപ വിവാഹ ധനസഹായം നൽകും. കൂടാതെ അംഗത്തിൻറെയും രണ്ടു പെൺമക്കളുടെയും വിവാഹത്തിന് 2,00,000 രൂപ ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ മുഖേന പലിശ രഹിത വായ്പയും നൽകും. വായ്പയുടെ മാനദണ്ഡങ്ങൾ കോർപറേഷൻ നിശ്ചിയിക്കും. 50 മാസം കൊണ്ട് തിരിച്ചടച്ചാൽ മതി.

- **<u>ചികിത്സാ ധനസഹായം</u>**

രണ്ടുവർഷം കാലാവധി തികച്ച ഒരു അംഗത്തിന് പ്രതിവർഷം സാധാരണ അസുഖങ്ങൾക്ക് 5000 രൂപ വരെയും ഗുരുതരമായ രോഗങ്ങൾക്കും അപകട ചികിത്സക്കും 25,000 വരെയും ധനസഹായം നൽകും. എന്നാൽ സർക്കാർ ക്ഷേമനിധിയെ ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വരെയാണ് ഈ പദ്ധതി നിലനിൽക്കുക. ക്ഷേമനിധിയുടെ സാമ്പത്തിക നിലയനുസരിച്ച് അംഗങ്ങളുടെ ആശ്രിതരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

- **<u>ക്യാഷ് അവാർഡ്</u>**

അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകലിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 3000 രൂപയും എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപയും ക്യാഷ് അവാർഡ് നൽകും.

- **<u>വിദ്യാഭ്യാസ ധനസഹായം</u>**

അംഗങ്ങളുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവർക്ക് സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ സഹായമായി നൽകും. കൂടാതെ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും സർക്കാർ/അർദ്ധസർക്കാർ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിന് തുല്യമായ തുക ധനസഹായം നൽകും. സർക്കാറിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഹാജരാക്കേണ്ടതാണ്.

## <u>3.കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി</u>

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഹജ്ജ് തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ 31093.97 സ്ക്വയർ ഫീറ്റ് ഏരിയയോട് കൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ

പ്രവർത്തി പൂർത്തിയായിവരുന്നു. ഹജ്ജ് ക്യാമ്പ് സമയത്ത് ഉണ്ടാകുന്ന മാലിന്യമുൾപ്പെടെ മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 4.കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

സംസ്ഥാന സർക്കാർ ഓഹരിമൂലധനമായി നൽകുന്ന തുകയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന വായ്പാ തുകയും ഉപയോഗിച്ച് കേരളത്തിലെ മത ന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനത്തിനുമായി കുറഞ്ഞ പലിശനിരക്കിൽ താഴെപറയും പ്രകാരം വായ്പകൾ നൽകുകയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) വായ്പാ തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെയും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. സ്വയം തൊഴിൽ വായ്പ

### Credit Line I

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ചെറുകിട സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. 6% പലിശനിരക്കിൽ, 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി ഗ്രാമങ്ങളിൽ 98,000 രൂപ, നഗരങ്ങളിൽ 1,20,000 രൂപ. പ്രായപരിധി 56 വയസ്സ്.

### Credit Line II

സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 30 ലക്ഷം രൂപവരെ വായ്പ ലഭിക്കും. സ്ത്രീ 6%, പുരുഷൻ 8% പലിശനിരക്കിൽ, 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 56 വയസ്സ്.

### 2. വിദ്യാഭ്യാസ വായ്പ

### Credit Line I

പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്ത് പഠിക്കാൻ പരമാവധി 20 ലക്ഷം രൂപയും വിദേശത്ത് പഠിക്കാൻ 30 ലക്ഷം രൂപ വരെയും വായ്പ അനുവദിക്കും. കോളേജ് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക അനുവദിക്കുന്നത്. കേന്ദ്ര/ സംസ്ഥാന സർക്കാർ, UGC,AICTE, MCI തുടങ്ങിയ സ്ഥാപനങ്ങൾ അംഗീകരിച്ച കോഴ്സുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. 3% ശതമാനമാണ് പലിശ നിരക്ക്. 60 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി ഗ്രാമങ്ങളിൽ 98,000 രൂപ, നഗരങ്ങളിൽ 1,20,000 രൂപ. പ്രായപരിധി 18 32 വയസ്സ്.

## Credit Line II

പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാൻ സ്ത്രീ 5%, പുരുഷൻ 8% പലിശനിരക്കിൽ പരമാവധി സ്വദേശത്ത് 20 ലക്ഷം രൂപയും വിദേശത്ത് 30 ലക്ഷം രൂപ വരെയും വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 16 32 വയസ്സ്.

## 3. മൈക്രോ ഫിനാൻസ്

പഞ്ചായത്ത്-മുൻസിപ്പൽ CDS മുഖേനയും നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന മൂന്ന് വർഷത്തേ പ്രവർത്തനമികവുള്ള NGO /സന്നദ്ധ സംഘടനകൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വായ്പകാർക്ക് ഈട് ആവശ്യമില്ല. സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലും പ്രായമുള്ള സ്വയം സഹായ ഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് വരുമാന ദായകമായ ഏതെങ്കിലും ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിന് വേണ്ടി കുറഞ്ഞ തുക വേഗത്തിലും നടപടിക്രമങ്ങൾ ഒഴിവാക്കികൊണ്ടും ലഭ്യമാക്കുക എന്നുള്ളതാണ് മൈക്രോ ഫിനാൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിക്ക് 100000 രൂപ വരെ ഇപ്രകാരം ലഭിക്കും. വ്യക്തിഗത ഗുണഭോക്താവിൻറെ അപേക്ഷയോ ജാമ്യമോ ആവശ്യമില്ല. CDS/NGO ഗ്രൂപ്പിൽ 75 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം. പഞ്ചായത്ത്-മുൻസിപ്പൽ തല CDS കൾക്ക് മുൻഗണന നൽകും. NGO കൾക്കുള്ള വായ്പാ തുക നിശ്ചയിക്കുന്നത് അവയുടെ പ്രവർത്തന പാരമ്പര്യവും സംഘത്തിൻറെ വാർഷിക നെറ്റ് വർത്തും കണക്കിലെടുത്തായിരിക്കും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും മൈക്രോ വായ്പ എടുത്തവരെ പരിഗണിക്കുന്നതല്ല.

## Credit Line I

2 ശതമാനം പലിശ നിരക്കിൽ 25 ലക്ഷം NGO ഗ്രൂപ്പിനും 7 ശതമാനം പലിശ നിരക്കിൽ 20 ലക്ഷം SHG ഗ്രൂപ്പിനും വായ്പ നൽകുന്നു. വായ്പാ കാലാവധി 3 വർഷം.

## Credit Line II

സ്ത്രീ 3%, പുരുഷൻ 5% പലിശനിരക്കിൽ 25 ലക്ഷം NGO ഗ്രൂപ്പിനും സ്ത്രീ 8%, പുരുഷൻ 10% പലിശനിരക്കിൽ 30 ലക്ഷം SHG ഗ്രൂപ്പിനും വായ്പ നൽകുന്നു. വായ്പാ കാലാവധി 3 വർഷം.

## കെ.എസ്.എം.ഡി.എഫ്.സിയുടെ വായ്പ പദ്ധതികൾ

### 4. സ്വയം തൊഴിൽ വായ്പ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ചെറുകിട സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരമാവധി 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. 8% പലിശനിരക്കിൽ, 84 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെയാവണം. പ്രായ പരിധി 18 58 വയസ്സ്.

### 5. ബിസിനസ്സ് വിപുലീകരണ വായ്പ

സ്വയം തൊഴിൽ സംരംഭകരുടെ നിലവിലുള്ള ബിസിനസ്സ് വിപുലീകരിക്കു ന്നതിനുള്ള വായ്പാ പദ്ധതിക്ക് 60 മാസ കാലാവധിയിൽ 8% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. കുറഞ്ഞത് 6 മാസമെങ്കിലും ബിസിനസ്സ് നടത്തിവരുന്നവരായിരിക്കണം.കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെ, പ്രായപരിധി 56 വയസ്സ്.

### 6. പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)

കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി രക്ഷിതാക്കൾക്കുള്ള വായ്പയാണ് പേരന്റ് പ്ലസ്. 60 മാസ കാലാവധിയിൽ 7% പലിശനിരക്കിൽ പരമാവധി 20 ലക്ഷം രൂപ വരെ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി ബാധകമല്ല. പ്രായ പരിധി 65 വയസ്സ്.

### 7. പ്രവാസി വായ്പ

വിദേശത്ത് നിന്ന് തിരിച്ചെത്തിയവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള വായ്പക്ക് പരമാവധി 10 ലക്ഷം രൂപ വരെ യഥാക്രമം 5% പലിശനിരക്കിൽ 84 മാസ കാലാവധിയിൽ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58

വയസ്സ്.

**8. വിസ വായ്പ**

വിദേശ നാട്ടുകളിൽ ജോലിനേടുന്നതിനാണ് വിസാ വായ്പ അനുവദിക്കുന്നത്. 84 മാസ കാലാവധിയിൽ 5% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്

**9. ഭവന വായ്പ**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിന് 84 മാസ കാലാവധിയിൽ പരമാവധി 10 ലക്ഷം രൂപ വരെ 6% പലിശ നിരക്കിൽ വായ്പ നൽകും. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്.

**10. ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശം)**

സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 6 ലക്ഷത്തിൽ താഴെ വരുമാനമുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണിത്. 55 വയസ്സ് തികയാത്ത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ മക്കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം, കുടുംബാംഗങ്ങളുടെ ചികിത്സാ ചെലവ്, വീട് പുനരുദ്ധാരണം, സ്വന്തം ആവശ്യത്തിനുള്ള വാഹനം വാങ്ങൽ തുടങ്ങിയ വിവിധോദ്ദേശങ്ങൾക്കായി പരമാവധി 5 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ നൽകും.

**11. മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ**

മദ്രസ്സ ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത വായ്പയാണിത്.84 മാസ കാലാവധിയിൽ പരമാവധി 2.5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ വായ്പ ലഭിക്കും. സർക്കാർ തീരുമാന പ്രകാരം മദ്രസ്സാ ക്ഷേമനിധി ബോർഡ് 2% സർവ്വീസ് ചാർജ്ജ് കോർപ്പറേഷന് നൽകുന്നു. പ്രായ പരിധി 30 മുതൽ 50 വയസ്സ് വരെ. കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**12. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ**

കുറഞ്ഞത് 3 വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. 84 മാസകാലാവധിയിൽ പരമാവധി 10 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ ലഭിക്കും.

**13. വിവാഹ വായ്പ:**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന്, രക്ഷിതാക്കൾക്ക് 60 മാസ

കാലാവധിയിൽ പരമാവധി 6% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 65 വയസ്സ്.

### 14. ചികിത്സാ വായ്പ:

മാരകമായ അസുഖം വന്ന് ബുദ്ധിമുട്ടുന്ന രോഗികൾക്കായി, 60 മാസ കാലാവധിയിൽ പരമാവധി 5% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷത്തിൽ താഴെ. പ്രായ പരിധി 55 വയസ്സ്.

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**